# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

25.06.2019-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 4629

## ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, വി. ജോയി<br>,, എം. മുകേഷ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യസമാശ്വാസ പദ്ധതി 2700/-രൂപയിൽ നിന്ന് 4500/-രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്ത് വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350/-രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. കൂടാതെ ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഏർപ്പെടുത്തിയിട്ടുണ്ട്. ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസമാണ് ട്രോൾബാൻ നടപ്പിലാക്കുന്നത്. |
| (സി) | ഇക്കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഓരോ മത്സ്യത്തൊഴിലാളിക്കും എത്ര തുക വീതമാണ് അനുവദിക്കുന്നത്; | (സി) | ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യസമാശ്വാസ പദ്ധതി 2700/-രൂപയിൽ നിന്ന് 4500/-രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്തു വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350/-രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. |
| (ഡി) | ഇതിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ഡി) | 2019-20 നടപ്പു സാമ്പത്തിക വർഷം സമ്പാദ്യസമാശ്വാസ പദ്ധതിക്കായി 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇതിനു തത്തുല്യമായ കേന്ദ്ര |

| | | | |
|---|---|---|---|
| | | | വിഹിതം അനുവദിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിനുള്ളിൽ ഏകദേശം 93 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കാനുണ്ട്. |
| (ഇ) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ? | (ഇ) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പ ഞ്ഞമാസങ്ങളിലെ തൊഴിൽ നഷ്ടം മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ആശ്വാസം നൽകുന്നതിനായി കേന്ദ്ര ധനസഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം 6 മാസങ്ങളിൽ 250/-രൂപ വീതം 1500/-രൂപ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിക്കുകയും തുല്ല്യ അനുപാതത്തിലുള്ള സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും ചേർത്ത് കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ആനുകൂല്യം നൽകുന്നു. |

**സെക്ഷൻ ഓഫീസർ**